(സി) ഇത്തരത്തിൽ എത്ര അപേക്ഷകൾ മേൽസൂചിപ്പിച്ച ഓഫീസുകളിൽ നടപടി സ്വീകരിക്കുന്നതിന് കെട്ടിക്കിടപ്പുണ്ട്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിന് ആർ.ടി.പി./ സി.ടി.പി. ഓഫീസുകളിൽനിന്ന് അനുമതി ആവശ്യമില്ല. അതിനാൽ അത്തരം അപേക്ഷകൾ ടി ഓഫീസുകളിൽ ലഭിക്കാറില്ല.

തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ

156 (167) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി എന്തെങ്കിലും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അമൃത് എന്ന കേന്ദ്ര പദ്ധതിയുടെ ഉപപദ്ധതിയായ "Formulation of GIS based Master Plans for AMRUT Cities" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭാ പ്രദേശത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ 75 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. നാല് ഗഡുക്കളായാണ് ഈ തുക നൽകുന്നത്. ഇതുവരെ രണ്ട് ഗഡുക്കളിലായി 45 ലക്ഷം രൂപയും (60% തുക) മൂന്നാം ഗഡുവായി 15 ലക്ഷം രൂപയും (20% തുക) കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മാസ്റ്റർപ്ലാനിന്റെ കരട് നഗരസഭ കൗൺസിൽ ചർച്ച ചെയ്ത് അന്തിമമാക്കേണ്ടതായുണ്ട്.

(ബി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കാൻ നിലവിലെ മാസ്റ്റർ പ്ലാനിൽ എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ; എന്തെല്ലാം നിയന്ത്രണങ്ങളാണെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് നിലവിലുള്ള പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡെൻഷ്യൽ സോൺ എന്നീ ഭൂവിനിയോഗങ്ങൾക്കുള്ള നിയന്ത്രണങ്ങൾ Interim Development Order (IDO) അഥവാ ഇടക്കാല വികസന ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്ന 'വികസന നിയന്ത്രണ നിയമങ്ങളിൽ' വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൂടാതെ, തിരുവനന്തപുരം നഗരസഭാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് പ്രാബല്യത്തിലുള്ള മറ്റ് മാസ്റ്റർപ്ലാനുകളായ അംഗീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാൻ, മാസ്റ്റർപ്ലാൻ ഫോർ കോവളം വിഴിഞ്ഞം ഏരിയ, മാസ്റ്റർപ്ലാൻ ഫോർ മെഡിക്കൽ കോളേജ് ഏരിയ എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്ന റെസിഡൻഷ്യൽ സോണിന്റെ നിയന്ത്രണങ്ങൾ അതത് മാസ്റ്റർപ്ലാനുകളുടെ സോണിംഗ് റെഗുലേഷൻസിൽ വ്യക്തമാക്കിയിട്ടുണ്ട്. IDO പ്രകാരമുള്ള വികസന നിയന്ത്രണ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഗ്രീൻ ടൂ പ്ലാൻഡ് ഡെവലപ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതിക്ക് പല തടസ്സങ്ങളും നേരിടുന്നവർക്കായി IDO (Interim Development Order) പുതുക്കുന്നതിന് തിരുവനന്തപുരം ജില്ല ടൗൺ പ്ലാനർ എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ആയത് കൗൺസിലിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; കൗൺസിലിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

&

(ഡി) തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കിയ പുതുക്കിയ IDO-ന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാനിന്റെ Interim Development Order (IDO) പുതുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തിരുവനന്തപുരം ടൗൺ പ്ലാനർ തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ 24-2-2021-ൽ പ്രാബല്യത്തിൽ വന്ന 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം IDO പുതുക്കാൻ വ്യവസ്ഥയില്ലാത്തതാണ്.

(ഇ) ഗ്രീൻ ടൂ പ്ലാൻഡ് ഡെവലപ്മെന്റ് സോണിൽപ്പെട്ട എത്ര കെട്ടിട നിർമ്മാണ അപേക്ഷകൾ നിലവിൽ നഗരസഭയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം നഗരസഭയിൽ ലഭിക്കുന്ന ഹരിത - ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ IDO-ലെ നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നപക്ഷം നിർമ്മാണ അനുമതി നൽകിവരുന്നു. 2020-21 കാലയളവിൽ ഇത്തരത്തിൽ ഏകദേശം 150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) അമൃത് പദ്ധതിയുടെ കീഴിൽ നഗരസഭയുടെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; മാപ്പ് തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അമൃത് പദ്ധതിയുടെ ഒരു ഉപഘടകമായ GIS based Master Plan എല്ലാ അമൃത് നഗരങ്ങളിലും (സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലും) തയ്യാറാക്കുന്നുണ്ട്. ഭൂവിനിയോഗ മാപ്പിംഗ് ഇതിന്റെ ഒരു ഭാഗമാണ്. കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2021 മാർച്ച് 31 വരെയാണ് പദ്ധതിയുടെ സമയ പരിധി. പദ്ധതി കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

കോവിഡ്-19 ലോക്ഡൗൺ കാലത്തെ വ്യാജ വാറ്റും മദ്യവർജ്ജനവും

157(168) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും, കുടുംബശ്രീ യൂണിറ്റുകൾ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. തുടങ്ങിയ വിദ്യാർത്ഥി യുവജന സംഘടനകൾ വഴിയും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഗാന്ധി ജയന്തി തുടങ്ങിയ പ്രധാന ദിനങ്ങളോടനുബന്ധിച്ചും മറ്റ് അവസരങ്ങളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച പരസ്യം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പ്രസംഗ മത്സരം, പോസ്റ്റർ തയ്യാറാക്കൽ, ടോൾ ഇമേജ് തയ്യാറാക്കൽ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചുവരുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി

LIBRARY ARCHIVES Kerala Legislative Assembly